ശ്രീ. ഇ. പി. പൗലോസ് : രാജോചിതമായ സൗകര്യം കിട്ടാത്തതു കൊണ്ട് അങ്ങനെയൊന്നും ചെയ്തതായി അറിവില്ല. എന്തായാലും അവരുടെ ഹിതത്തിനു വിപരീതമായി മാറ്റുന്നതിന് ബഹുമാനപ്പെട്ട മെമ്പർ നിവേദനം നടത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ടൂറിസ്റ്റ് സെന്ററുകൾ

*954. [17] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതിയ ടൂറിസ്റ്റ് സെന്ററുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാലടിയിലും മലയാറ്റൂരിലും അനുവദിക്കാൻ ഉദ്ദേശിച്ചിരുന്ന ടൂറിസ്റ്റ് സെന്ററുകളുടെ പണി എന്നാരംഭിക്കുവാനാണുദ്ദേശിക്കുന്നത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഇല്ല.

(ബി) കാലടിയുടേയും, മലയാറ്റൂരിന്റേയും ആവശ്യത്തിലേക്കായി ടൂറിസ്റ്റ് ബംഗ്ലാവു നിർമ്മിക്കുന്ന കാര്യം 4-ാം പഞ്ചവത്സരപദ്ധതിക്കാലത്തു പരിഗണനയ്ക്കായി മാറ്റി വച്ചിരിക്കുകയാണ്.

പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ കുറഞ്ഞ ശമ്പളം.

*955. [18] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണ് ;

(ബി) എൻ. എം. ആർ. ജോലിക്കാരുടെ മിനിമം വേജസ് ഏറ്റവും ഒടുവിലായി നിശ്ചയിച്ചതെന്നാണ് ;

(സി) പൊതുമരാമത്തുവകുപ്പിലെ റോഡ്സ് കെട്ടിടവും വിഭാഗത്തിലെ എൻ. എം. ആർ. തൊഴിലാളികൾക്ക് നൽകുന്ന ക്ഷേമനിരക്ക് ഇറിഗേഷനും, പ്രോജക്റ്റും വിഭാഗത്തിലുള്ള എൻ. എം. ആർ. കാർക്ക് നൽകുന്നില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോ ;

(ഡി) അങ്ങനെ വ്യത്യസ്തക്ഷേമനിരക്കുണ്ടെങ്കിൽ അതിനു കാരണമെന്ത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) മിനിമം വേജസ് നോട്ടിഫിക്കേഷൻ അനുസരിച്ച് റോഡു നിർമ്മാണം, റോഡു നന്നാക്കൽ, കെട്ടിട നിർമ്മാണം, പാറപൊടിക്കൽ, പാറപൊട്ടിക്കൽ എന്നീ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു നിശ്ചയിച്ചിട്ടുള്ള നിരക്കിലും, അല്ലാത്തവർക്ക്

പുരുഷന്മാർ — 1—87 രൂപാ.
സ്ത്രീകൾ — 1—35 :
ആൺകുട്ടികൾ— 1—06 : എന്നീ നിരക്കിലും ശമ്പളം കൊടുത്തുവരുന്നു.

(ബി) 1-1-1963 മുതൽ പ്രാബല്യം വരത്തക്കവണ്ണം 22-6-1963-ൽ ഉത്തരവു പുറപ്പെടുവിച്ചു.

(സി) ചില വിഭാഗക്കാർക്ക് മിനിമം വേജസ് നോട്ടിഫിക്കേഷനിലെ നിരക്കനുസരിച്ച് വേതനം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്.

(ഡി) മിനിമം വേജസ് ഉപദേശക കമ്മിറ്റിയുടെ അന്വേഷണ പരിധിയിൽ എല്ലാത്തരം ജോലികളും ഉൾപ്പെട്ടിരുന്നില്ല. റോഡു നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly

റോഡ് നന്നാക്കൽ, കെട്ടിടനിർമ്മാണം, പാറപൊട്ടിക്കൽ, പാറപൊടിക്കൽ എന്നീ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ മാത്രമെ പെട്ടിരുന്നുള്ളൂ.

ശ്രീ. പി. വിശ്വംഭരൻ : ഈ റിവിഷൻ ഉണ്ടാകുന്നതുവരെ എല്ലാം എൻ. എം. ആർ. തൊഴിലാളി വിഭാഗങ്ങൾക്കും റോഡ് കെട്ടിടവും വിഭാഗത്തിലെ എൻ. എം. ആർ. തൊഴിലാളികൾക്ക് നൽകിയിരുന്ന കൂലിനിരക്ക് കൊടുത്തിട്ടുള്ളതിനെ പരിഗണിച്ച് ഇറിഗേഷൻ വിഭാഗത്തിലെ തൊഴിലാളികൾക്കുകൂടി റിവൈസ് ചെയ്ത നിരക്ക് നൽകാൻ ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. കെ. ഹസ്സൻഗനി : ഇന്നു കൊടുക്കുന്ന നിരക്ക് ഒന്നു പുനഃപരിശോധിച്ച് കൂടുതൽകൊടുക്കാൻ വല്ല മാർഗ്ഗവും ഉണ്ടെങ്കിൽ അങ്ങനെചെയ്യാൻ ഗവണ്മെന്റ് മുതിരുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുതിയ നിരക്ക് ഇപ്പോൾ കൊടുത്തുതുടങ്ങിയതേയുള്ളൂ. അതു് എല്ലാ തൊഴിലാളികൾക്കും ബാധകമാക്കിയിട്ടില്ലെന്നാണ് ശ്രീ. വിശ്വംഭരൻ ചൂണ്ടിക്കാണിച്ചതു്. ഇറിഗേഷൻ വിഭാഗത്തിലുള്ള തൊഴിലാളികൾക്കു പുതുക്കിയ നിരക്കനുസരിച്ച് കൂലി കിട്ടുന്നില്ലെന്നുള്ളതു് പരമാർത്ഥമാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ മിനിമംവേജസ് കമ്മിറ്റിയുടെ പരിശോധനയിൽ ഈ വിഭാഗം തൊഴിലാളികൾ പെട്ടിരുന്നില്ല. ഇപ്പോൾഅക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീമതി എ. നഫീസത്തു ബീവി : പോർട്ട് മെയിൻറനൻസ് തൊഴിലാളികൾക്കുകൂടി എൻ. എം. ആർ തൊഴിലാളികൾക്കു കൊടുക്കുന്ന കൂലിനിരക്ക് കൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : എൻ. എം. ആർ. വിഭാഗത്തിൽപെട്ടവരാകുകിൽ അവർക്കും കിട്ടുന്നതാണ്. മറ്റു വിഭാഗത്തിൽ പെട്ടവരാണെങ്കിൽ അതൊരു പ്രത്യേക കാര്യമാണ്.

പുനരധിവാസത്തിനു കൊടുക്കുന്ന സ്ഥലം കൈമാറ്റം ചെയ്യാനുള്ള അവകാശം

* 956. [19] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാജക്റ്റ് പ്രദേശങ്ങളിൽ നിന്നും, മറ്റു വനവിഭാഗങ്ങളിൽ നിന്നും കുടിയിറക്കുന്നവർക്ക് പുനരധിവാസത്തിനായി കൊടുക്കുന്ന സ്ഥലം അവർക്ക് കൈമാറ്റം ചെയ്യാൻ അവകാശമുണ്ടോ ;

(ബി) അപ്രകാരം കൊടുത്ത സ്ഥലങ്ങളും കിട്ടിയ ആളുകളും അവ അന്യർക്ക് വിറ്റിട്ട് പോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) ഇല്ല.

(ബി) ഉണ്ട്.

ശ്രീ. എം. എം. മത്തായി : കൈമാറ്റം ചെയ്യാൻ അവകാശമില്ലെങ്കിൽ കൈമാറ്റം ചെയ്യുവരുടെ മേൽ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതു് ?

ശ്രീ. ടി. എ. തൊമ്മൻ : കൈമാറ്റം വാങ്ങിയവരിൽ നിന്നും വസ്തു ഒഴിപ്പിക്കാനുള്ള നടപടി.

LIBRARY ARCHIVES Kerala Legislative Assembly